**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2902** **14-02-2024 - ൽ മറുപടിയ്ക്ക്**

**കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോന്നി നിയോജക മണ്ഡലത്തിലെ പ്രമാടം പഞ്ചായത്തിൽ കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | 2017-18 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി എസ്റ്റിമേറ്റ് തുകയുടെ 20% മൊബിലൈസേഷൻ അഡ്വാൻസ് ഏജൻസിക്ക് അനുവദിച്ചിരുന്നു. പത്തനംതിട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 02/02/2021-ൽ ചേർന്ന മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിലും, ഏജൻസിയെ കൂടി ഉൾപ്പെടുത്തി ബഹു.എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും പദ്ധതി ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. ഏജൻസി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ബിൽ സമർപ്പിക്കുകയും ചെയ്തെങ്കിലും ബഹു.എം.എൽ.എ, ഊരുനിവാസികൾ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടെ ഏജൻസിയുടെ പ്രവൃത്തികളിൽ അസംതൃപ്തി പ്രകടിപ്പിച്ച സാഹചര്യത്തിൽ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർവ്വണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ